പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 455 — 06.02.2013 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യെ സേവന മേഖലയിൽ നിലനിർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഡീസൽ സബ്സിഡി നിർത്തലാക്കിയതിനുശേഷം പ്രതിമാസം കെ. എസ്.ആർ.ടി.സി.യ്ക്ക് എത്ര തുകയുടെ അധിക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; അധിക ചെലവ് നേരിടാൻ വർഷം 200 കോടിയുടെ സഹായം നൽകണമെന്ന് സർക്കാരിനോട് കെ. എസ്.ആർ.ടി.സി. ആവശ്യപ്പെട്ടുവോ; എങ്കിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ; | (എ) | പ്രതിമാസം 14 കോടി രൂപയുടെ അധിക ചെലവ് വരും.<br>ഡീസലിന്റെ വില വർദ്ധിപ്പിച്ച കേന്ദ്രതീരുമാനം പിൻവലിക്കുന്നതു വരെയോ, ഡീസലിന്റെ വില വർദ്ധനവ് മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതു വരെയോ കെ.എസ്.ആർ.ടി.സി. യ്ക്ക് വരുന്ന അധിക ബാദ്ധ്യതയായ പ്രതിമാസം 14 കോടി രൂപ സർക്കാർ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ അധിക സബ്സിഡിയായി നൽകുവാൻ തീരുമാനിക്കുകയും 18.01.2013 മുതലുള്ള രണ്ട് മാസത്തേയ്ക്ക് 28 കോടി രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്ന ഡീസലിന്റെ വിൽപ്പന നികുതിയിനത്തിൽ നൽകുന്ന തുക ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിക്കുമോ ; വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. യെപ്പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഡീസൽ വില വർദ്ധനവിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.01.2013 -ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര പെട്രോളിയം -പ്രകൃതി വാതക വകുപ്പ് മന്ത്രിയ്ക്കും, ബഹു. മുഖ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. |
| (സി) | ഒരു ലിറ്റർ ഇന്ധനംകൊണ്ട് 3.81 കിലോമീറ്റർ ഓടിയിരുന്ന സ്ഥാനത്ത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ, യന്ത്രങ്ങളുടെ പൂർണ്ണമായ അറ്റകുറ്റ പണിയടക്കം കർശനമായ നടപടികൾകൊണ്ട് 4.27 കിലോമീറ്റർ വരെ ആക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഇപ്പോൾ എത്ര കിലോമീറ്റർ ആണെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 2012 ഡിസംബറിൽ 4.2 കി. മീറ്റർ. |

| | | | |
|---|---|---|---|
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന തുപോലെ വികേന്ദ്രീകരിച്ച ഔട്ട് ലെറ്റുകളിൽ നിന്ന് ഡീസൽ നിറയ്ക്കാൻ കെ.എസ്.ആർ.ടി.സി. -യ്ക്ക് സംവിധാനമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ; | (ഡി) | കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും കെ.എസ്.ആർ.ടി.സി ബസുകൾ ഡീസൽ വാങ്ങുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനും വ്യക്തമായ ശുപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുവാൻ കേന്ദ്രത്തിൽ നിന്നും 1000 കോടി രൂപ വാങ്ങുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപന പ്രകാരം എന്ത് തുക ലഭിച്ചു ; ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | (ഇ) | കെ.എസ്.ആർ.ടി.സി. യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി 1000 കോടി രൂപയുടെ ധനസഹായം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിന് നിലവിൽ പദ്ധതികളൊന്നും കേന്ദ്ര ഗതാഗത മന്ത്രാലയം നടപ്പാക്കുന്നില്ലെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. |
| (എഫ്) | കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പിന് സുന്ദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എഫ്) | 1988 -ലെ മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ നിയോഗിച്ച വിദഗ്ദ്ധ കമ്മിറ്റിയാണ് സുന്ദർ കമ്മിറ്റി. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗുകളുടെ നിലനിൽപ്പിനെ ഹാനികരമായി ബാധിക്കാവുന്ന പല നിർദ്ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് ഒട്ടേറെ പരിരക്ഷ നൽകിയിട്ടുള്ള മോട്ടോർ വാഹന നിയമത്തിലെ ചാപ്റ്റർ 6 എടുത്തുകളയണമെന്നതുൾപ്പടെയുള്ള നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിലുണ്ട്. ഈ റിപ്പോർട്ടിലെ എസ്.റ്റി.യു.കൾക്ക് ഹാനികരമായിട്ടുള്ള ഇത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ട് അസ്സോസ്സിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് (ASRTU) മുഖാന്തിരം കെ.എസ്.ആർ.ടി.സി. കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തെ സേവനമേഖലയിൽ ശക്തമായി നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദ മാക്കുമോ ? | (ജി) | കെ.എസ്.ആർ.ടി.സി. യെ സേവന മേഖലയിൽ നിലനിർത്തുന്നതിന് നടപടി കൾ സ്വീകരിച്ചു വരുന്നു.<br>2012-2013 സാമ്പത്തിക വർഷ ത്തിൽ പദ്ധതിയിനത്തിൽ 57.07 കോടി രൂപയും വായ്പയിനത്തിൽ 100 കോടി രൂപയും സർക്കാർ കെ.എസ്. ആർ.ടി.സി. യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനായി 50 കോടി രൂപയും അധികമായി കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവുമൂലമുള്ള പ്രതിസന്ധി മറികട ക്കുന്നതിനായി താൽക്കാലികമായി 28 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ